തീവണ്ടികളുടെ ബാഹുല്യം കാരണം ഇതൊരു സ്ഥിരം സംവിധാനമാക്കിയിട്ടില്ല. എങ്കിലും യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

മദ്യകള്ളക്കടത്ത് കണ്ടെത്തുന്നതിന് സംവിധാനം

*15 [42] *ശ്രീ. എം. മുരളി:*

,, എം. എം. ഹസ്സൻ:

,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽനിന്ന് മത്സ്യം, മലക്കറി എന്നിവ കയറ്റിവരുന്ന ലോറികളിൽ സ്പിരിറ്റും വിദേശമദ്യവും കടത്തുന്നത് വ്യാപകമായിട്ടുണ്ടെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പിരിറ്റ്, മദ്യം കള്ളക്കടത്ത് കണ്ടെത്താൻ അത്യന്താധുനിക സംവിധാനങ്ങൾ അതിർത്തി ചെക്ക്പോസ്റ്റുകളിൽ സ്ഥാപിക്കാനുദ്ദേശമുണ്ടോ;

(സി) സ്പിരിറ്റിന്റേയും മദ്യത്തിന്റേയും കള്ളക്കടത്തുവഴി പ്രതിവർഷം ഗവൺമെന്റിന് എന്തു നഷ്ടമുണ്ടാകുന്നു എന്ന് വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):*

(എ) പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നഷ്ടം കണക്കാക്കിയിട്ടില്ല.

കേരള ലോട്ടറി സമ്പൂർണ്ണമായി പുനഃസ്ഥാപിക്കാൻ നടപടി

*16 [43] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:*

ശ്രീ. എം. പ്രകാശൻ മാസ്റ്റർ:

,, എ. കെ. ബാലൻ:

,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലോട്ടറി പുനഃസ്ഥാപിച്ചശേഷം കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കീഴിൽ ഏതൊക്കെ ലോട്ടറികളാണ് നടത്തി വരുന്നത്;

(ബി) പേപ്പർ ലോട്ടറി സംരക്ഷിക്കുന്നത് സംബന്ധിച്ച് കേന്ദ്രവുമായി ഏതെങ്കിലും തരത്തിലുള്ള ആശയവിനിമയം സർക്കാർ നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പേപ്പർ ലോട്ടറി സംരക്ഷിക്കുന്നതിന് നിയമനിർമ്മാണത്തിന് സർക്കാർ മുൻകൈയെടുക്കുമോ;

(ഇ) കേരള ലോട്ടറി സമ്പൂർണ്ണമായി പുനഃസ്ഥാപിക്കാൻ നടപടി കൈക്കൊള്ളുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*:

(എ) പെരിയാർ, ചൈതന്യ, കൈരളി, സൗഭാഗ്യ എന്നീ ലോട്ടറികളാണ് നടത്തി വരുന്നത്.

(ബി) ഉണ്ട്.

(സി) 1998-ലെ കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമം സെക്ഷൻ 4-ലെ നിബന്ധനകൾക്ക് വിരുദ്ധമായി അന്യസംസ്ഥാന ലോട്ടറികൾ കേരളത്തിൽ വിൽപ്പന നടത്തിയിരുന്ന സാഹചര്യത്തിൽ അവർക്കെതിരെ കേന്ദ്ര നിയമം സെക്ഷൻ 6 പ്രകാരം നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 12-1-2004-ലും 23-8-2004-ലും കേന്ദ്ര ഗവൺമെന്റിന് കത്തയച്ചിട്ടുണ്ട്. കൂടാതെ 7-2-2005-ൽ മുഖ്യമന്ത്രി ഇതേ ആവശ്യം സംബന്ധിച്ച് കേന്ദ്രമന്ത്രി ശിവരാജ്പാട്ടീലിന് കത്തയയ്ക്കുകയും നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി കത്തിന്റെ പകർപ്പ് കേരളത്തിലെ എല്ലാ എം. പി. മാർക്കും പ്രതിപക്ഷനേതാവിനും നൽകുകയും ചെയ്തിരുന്നു. കേന്ദ്രഗവൺമെന്റിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

(ഡി) പേപ്പർ ലോട്ടറി സംബന്ധിച്ച് 20-4-2005-ലെ ജി.ഒ.പി. 65/05/നി.വ. പ്രകാരം നിയമനിർമ്മാണം നടത്തിക്കഴിഞ്ഞു.

(ഇ) കേരള ലോട്ടറി പുനഃസ്ഥാപിച്ചുകൊണ്ട് 22-4-2005-ൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും 10-5-2005 മുതൽ നറുക്കെടുപ്പ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

മരുന്നുകളുടെ വിലവർദ്ധനവിനെതിരെ നടപടി

*17 [44] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:*
,, *തോമസ് ഉണ്ണിയാടൻ:*
,, *സ്റ്റീഫൻ ജോർജ്:*

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാറ്റ് സമ്പ്രദായം നടപ്പിലാക്കിയതിനുശേഷം നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly